# സംസ്കൃത വിദ്യാഭ്യാസം

## അതെങ്ങിനെ പുനരുജ്ജീവിപ്പിയ്ക്കാം?

എൻ. വി. കൃഷ്ണവാരിയർ

ഇന്ത്യയിൽ സംസ്കൃതവിദ്യാഭ്യാസത്തിന്റെ കടയ്ക്കൽ കോടാലി വെച്ചതു് ഇംഗ്ലീഷുകാരാണെന്നത്രെ വെപ്പ്. നമ്മുടെ പാരമ്പര്യവും സംസ്കാരവും നശിപ്പിച്ചതിന്നു് ബ്രിട്ടീഷ് വാഴ്ക്കാലത്തുടനീളം നാം വിദേശമേധാവിത്വത്തെ തെറി പറഞ്ഞു പോന്നു. ഇന്ത്യയിലൊരു പുതിയ വിദ്യാഭ്യാസസംവിധാനമാവിഷ്കരിയ്ക്കാൻ നിയുക്തനായ മെക്കോളെയുടെ ശ്രുതിപ്പെട്ട റിപ്പോർട്ട് ഈ ബ്രിട്ടീഷ് വിരുദ്ധ പ്രചാരവേലയ്ക്കു് പററിയ ഒരായുധമായി നമുക്കു ലഭിയ്ക്കുകയും ചെയ്തു. ഒന്നു ശരിയാണ്: മെക്കോളെ പറയുകയുണ്ടായി. ആധുനികരീതിയിലുള്ള വിദ്യാഭ്യാസത്തിന്നു് സംസ്കൃതമോ പേർഷ്യനോ നല്ല മാധ്യമങ്ങളാവില്ലെന്നു്; സംസ്കൃതസാഹിത്യമാകെ എടുത്താലും പാശ്ചാത്യസാഹിത്യങ്ങളോടു് കിടനില്ക്കുകയില്ലെന്നു്; ബ്രിട്ടീഷ്‌വാഴ്ചയ്ക്കു കീഴിൽ ഇന്ത്യയിലെ വിദ്യാഭ്യാസമാധ്യമം ഇംഗ്ലീഷായിരിയ്ക്കണമെന്നു്.

പക്ഷെ മെക്കോളെ എന്തു പറഞ്ഞു എന്നതല്ല മെക്കോളെ ആവിഷ്കരിച്ച വിദ്യാഭ്യാസരീതിയോടു് ഇന്ത്യയിൽ പൊതുവെയുണ്ടായ പ്രതികരണം എന്തായിരുന്നു; ഇന്നും എന്താണ്; എന്നതത്രേ മുഖ്യപ്രശ്നം. നാം ഈ പുതിയ വിദ്യാഭ്യാസ പദ്ധതിയെ അടിമത്തം നല്കുന്ന ശാപമായിക്കരുതിയോ? കരുതുന്നുവോ? അതോ ഈശ്വരൻ നല്കിയ അനുഗ്രമെന്നു് സ്വാഗതം ചെയ്തുവോ? ചെയ്യുന്നുവോ? ഉത്തരത്തെപ്പററി ആർക്കും സംശയമുണ്ടാവില്ല. ഇംഗ്ലീഷ്‌വിദ്യാഭ്യാസത്തെ നാം വാരിവിഴുങ്ങുകയും കോരിക്കുടിയ്ക്കുകയും ചെയ്തു. ഇപ്പോഴും ചെയ്യുന്നു. അത്യന്തം യാഥാസ്ഥികരായ ചില മതനേതാക്കൾ ഈ ഇംഗ്ലീഷ് പഠിപ്പ് അത്ര നല്ലതല്ലെന്നു് കരുതിയിരിയ്ക്കാം. പക്ഷേ ഈ ദുർബ്ബലമായ എതിർപ്പുപോലും ആദ്യകാലത്തായിരുന്നു; അധികവും മുസ്ലിംകളുടെ ഇടയിലുമായിരുന്നു. ഹിന്ദുക്കൾ, പ്രത്യേകിച്ചു ബ്രാഹ്മണർ ഇംഗ്ലീഷ്‌പഠിപ്പ് നല്കുന്ന ഉന്നമന സൌകര്യങ്ങളെ ആദ്യമേ കണ്ടറിഞ്ഞു. ഇരു കൈയും നീട്ടി അവരതിനെ സ്വാഗതം ചെയ്തു എന്നല്ല പറയേണ്ടതു്; ഇരു കണ്ണുകളുമടച്ചു് അവരതിലേയ്ക്കു മുതൽക്കൂപ്പു കുത്തിയെന്നാണ്. നാമമാത്രമായെങ്കിലും ഇത്തരം കാര്യങ്ങളിൽ സ്വാതന്ത്ര്യമുണ്ടായിരുന്ന നാട്ടു രാജ്യങ്ങളിൽപ്പോലും ബിലാത്തിയിൽ നിന്നു് കോളേജുകളിലേയ്ക്കു് അദ്ധ്യാപകർ ഇറക്കുമതി ചെയ്യപ്പെട്ടു. ഇംഗ്ലീഷ് പഠിച്ചാൽ മാത്രം പോരാ: അതു് സായ്പ് ഉച്ചരിയ്ക്കുംപോലെ ഉച്ചരിയ്ക്കുകയും വേണം. സസ്വരംവേദം ഉരുവിട്ടു പഠിച്ച പാരമ്പര്യം ഇവിടെ തലനീട്ടി അല്പംനിവൃത്തിയുള്ളവരാകട്ടെ, തങ്ങളുടെകുട്ടികളെ കപ്പൽ കയററി ശീമയിലേയ്ക്കയച്ചു, അവിടെ നിന്നു് ഉള്ള വിജ്ഞാനമത്രയും നേടി വരാൻ. ഇങ്ങിനെ ശീമയിൽപ്പോയ വരിലധികവും അവിടത്തെ ജനങ്ങളുടെ ബാഹ്യപരിഷ്കാരവും, വില കുറഞ്ഞ ബിരുദങ്ങളും മാത്രം നേടി മടങ്ങിവരുകയാണുണ്ടാതു്. വിജ്ഞാനത്തിന്റെ സമുന്നതാധിത്യകകളിലേയ്ക്കോ റാദനോ. പാശ്ചാത്യസംസ്കാരത്തിന്റെ ജീവചൈതന്യം സ്വായത്തമാക്കാനോ കഴിഞ്ഞവർ അവരിൽ നന്നെ കുറച്ചു പേർമാത്രമാണ് (അവർക്കു സ്തുതി!) എന്നിട്ടെന്തു്? സായ്പിന്റെ നാട്ടിൽ പോയിവന്നവർക്കു സായ്പിന്റെ തൊട്ടുതാഴെ സ്ഥാനം ഇവിടെ ലഭിച്ചു: ഇന്നും ലഭിയ്ക്കുന്നു.

ഈ പാശ്ചാത്യാനുകരണശ്രമത്തിന്നിടയ്ക്കും സംസ്കൃതം ഇന്ത്യയിൽനിന്നു തീരെ തിരോഹിതമായില്ലെങ്കിൽ അതിന്നു നാം നന്ദിപറയേണ്ട രണ്ടു സംഗതികളുണ്ടായിരുന്നു. ഒന്നു് സായ്പിന്റെ വിശാലവീക്ഷണവും ഔദാര്യവും; രണ്ടു് നമ്മുടെതന്നെ ദാരിദ്ര്യം. സംസ്കൃതത്തിന്റെ മാത്രമല്ല, ഭാരതീയ സംസ്കാരത്തിന്റെയാകെത്തന്നെ മാനുഷികാമൂല്യം സായ്പ് കണ്ടു. മനുഷ്യചരിത്രത്തിലെ ഒരു ഉജ്ജ്വലാദ്ധ്യായത്തെപ്പററി അറിയാൻ സംസ്കൃതത്തെത്തന്നെയാശ്രയിക്കേണ്ടിയിരിയ്ക്കുന്നു എന്നു് സായ്പ് മനസ്സിലാക്കി. പാശ്ചാത്യരായ ഭാരതീയ വിദ്യാവിത്തുക്കളുടെ ഉജ്ജ്വലമായ ഒരു പരമ്പരതന്നെ അക്കാലത്തുണ്ടായി. അശോക ചക്രവർത്തിയെപ്പററി നാം ഇന്നു് അഭിമാനിയ്ക്കുന്നുണ്ടല്ലൊ. ഭാരതം പൂർണ്ണമായും മറന്നുകഴിഞ്ഞ ഈ മഹാപുരുഷനെപ്പററി നമുക്കു പറഞ്ഞുമനസ്സിലാക്കിത്തന്നതു് പാശ്ചാത്യരാകുന്നു. ഈ മനീഷികളുടെ പരിശ്രമത്തിന്റെയും, അവരിൽ ബ്രിട്ടീഷ് ഭരണകൂടത്തിനുണ്ടായിരുന്ന യഥാർത്ഥാദരത്തിന്റെയും ഫലമായി നമ്മുടെ സർവ്വകലാശാലകളിൽ സംസ്കൃതത്തിന്നു് "പീഠ"ങ്ങൾ സൃഷ്ടിയ്ക്കപ്പെട്ടു. ഇവയ്ക്കനുഗുണമായി സെക്കണ്ടറി വിദ്യാഭ്യാസത്തിലും സംസ്കൃതത്തിന്നു് മാതൃഭാഷയോടൊപ്പം സ്ഥാനം നൽകപ്പെട്ടു. രണ്ടാംഭാഷ എന്ന നിലയിൽ പ്രാചീനരീതിയിൽ സംസ്കൃതം പഠിപ്പിക്കുന്നതിന്നു് നമ്മുടെ പണ്ഡിതന്മാർ മുതിർന്നപ്പോൾ അവരെയും ബ്രിട്ടീഷ് ഭരണകൂടം ചുരുങ്ങിയ തോതിലെങ്കിലും പ്രോത്സാഹിപ്പിച്ചു. അങ്ങിനെയാണു് നമ്മുടെ പൌരസ്ത്യകലാലയങ്ങൾ നിലവിൽ വന്നതു്.

ഈ വിധത്തിൽ സായിപ്പിന്റെ വിശാലവീക്ഷണവും ഔദാര്യവും അന്യഥാ കുററിയററുപോകുമായിരുന്ന സംസ്കൃതശിക്ഷണത്തെ ഇവിടെ നിലനിർത്തുകയും കുറച്ചെങ്കിലും വികസിപ്പിയ്ക്കുകയും ചെയ്തപ്പോൾ, നമ്മുടെ കഠോരമായ ദാരിദ്ര്യം ആ വിദ്യാഭ്യാസം സ്വീകരിയ്ക്കാൻ തയ്യാറാ

സ്വഭാവമായി അംഗീകരിച്ചു കഴിഞ്ഞിരിക്കയാണ്. എങ്ങനെയെങ്കിലും അന്നന്നത്തെ നിത്യവൃത്തി കഴിച്ചുകൂട്ടി നിലനിന്നു് പോകണമെന്നതിൽക്കവിഞ്ഞ ലക്ഷ്യമോ ആദർശമോ നമുക്കില്ലല്ലോ. ആത്മാഭിമാനവും ജീവിതത്തിലെ വിലമതിക്കാൻ കഴിയാത്ത മറെറന്തും ആർക്കുവേണമെങ്കിലും അടിയറവെക്കാൻ മടിയ്ക്കാത്ത ഭാഷാദേശാഭിമാനികളുടെ എണ്ണം നാൾക്കുനാൾ പെരുകിവരികയുമാണ്. ഇവിടെ സംസ്കൃതഭാഷ പഠിക്കുകയും പഠിപ്പിക്കുകയുംചെയ്യേണ്ടതിനെക്കുറിച്ചു ചിന്തിക്കുന്നവരെപ്പററി കാലം തെററിപ്പിറന്ന മൂഢന്മാരെന്നല്ലാതെ മറെറന്തുപറയാൻ?

''ഹിരണ്യമേവാ വാർജ്ജയ
നിഷ്ഫ—
ലാഃ കലാഃ''

എന്നു പ്രവചിച്ച പണ്ഡിതൻ നീണാൾവാഴുന്ന

——o——

യ എത്രയോ പേരെ ഇവിടെ സൃഷ്ടിക്കുകയും ചെയ്തു. വിവേകാനന്ദന്റെ വീരഗർജ്ജനങ്ങളോ ടാഗോറിന്റെ കവിതയോ ഗാന്ധിയുടെ ഉപദേശമോ കേട്ട് സംസ്കൃതം പഠിയ്ക്കാൻ പുറപ്പെട്ടവരെ നമ്മുടെ ഇടയിൽ കാണാൻ പ്രയാസമാണ് (ഉത്തരേന്ത്യയിൽ സ്ഥിതി അല്പം വ്യത്യാസമാകുന്നു: കാരണം ദയാനന്ദസരസ്വതിയുടെ വാക്കുകൾകേട്ട് സംസ്കൃതം പഠിക്കാൻ തുടങ്ങിയവരെ അവിടെ കാണാം) ഇംഗ്ലീഷ് ഹൈസ്കൂളുകളിൽചേർന്നു പഠിക്കാൻ ഫീസ് കൊടുക്കണം അതിന്നു കഴിവില്ലാത്തവർ പഠിക്കണമെന്നാഗ്രഹമുണ്ടെങ്കിൽ സംസ്കൃതം പഠിക്കാൻ പുറപ്പെട്ടു. ഇന്നത്തെമിക്കസംസ്കൃത പണ്ഡിതന്മാരും പ്രത്യേകിച്ച് പൌരസ്ത്യകലാലയങ്ങളിൽ പഠിച്ചു കയറിയവർ ഇത്തരത്തിൽ പെട്ടവരാണ്. തറവാട്ടിൽ സ്വത്തുണ്ടായിരുന്നെങ്കിൽ അവരിൽ പലരും എസ്. എസ്. എൽ. സി. പാസ്സായി ഗുമസ്ഥൻ പണിക്കു പോകുകയല്ലാതെ സംസ്കൃതത്തിലെ ഉപരിഗ്രന്ഥങ്ങൾ പഠിക്കുവാൻ മെനക്കെടുമായിരുന്നില്ല.

എങ്കിലും സ്വാതന്ത്ര്യസമരകാലത്ത് നാം പാശ്ചാത്യവിദ്യാഭ്യാസപദ്ധതിയെ ഘോരഘോരം പഴിച്ചുവന്നു. ഇതിൻഫലമായി സ്വാതന്ത്ര്യം ലഭിച്ചപ്പോൾ, ദേശീയവിദ്യാഭ്യാസ പദ്ധതിയിൽ സംസ്കൃതത്തിന്ന് സമർഹമായസ്ഥാനം നൽകേണ്ടതല്ലേ എന്ന് ഉയർന്ന നേതാക്കന്മാരിൽ പലരും തോന്നിതുടങ്ങി. മൃതഭാഷയെന്നു കരുതപ്പെട്ടിരുന്ന ഹീബ്രുവിനെ ഔദ്യോഗികഭാഷയിയംഗീകരിച്ച്, അതിലൂടെ അത്യുന്നത ശാസ്ത്രീയ വിദ്യാഭ്യാസം വരെനൽകുന്ന ഇസ്രായേലിന്റെ മാതൃകയെത്തുടർന്ന് സംസ്കൃതത്തെ ഇന്ത്യയിലെ ഔദ്യോഗികഭാഷയാക്കുകയും സംസ്കൃതസർവ്വകലാശാലകൾ സ്ഥാപിക്കുകയുംവേണമെന്ന് ചിലർ വാദിച്ചു. എങ്കിലുംഇത് പാടെ അംഗീകരിക്കപ്പെട്ടില്ല. പകരം, സാമാന്യ വിദ്യാഭ്യാസത്തിൽ സംസ്കൃതത്തെ യഥായോഗ്യം ഇണക്കിച്ചേർക്കാനും സംസ്കൃതത്തിൽ ഉന്നതവിദ്യാഭ്യാസം പുനരാസൂത്രണം ചെയ്യാനുമായി ഒരു കമ്മീഷനെനിയമിക്കുകയാണ് ഇന്ത്യാഗവർമ്മെണ്ട് ചെയ്തത്.

കമ്മീഷൻ തെളിവെടുത്തു; റിപ്പോർട്ട് തയ്യാറാക്കി; സമർപ്പിച്ചു. പക്ഷെ, അവരുടെ ശുപാർശകൾ ഏറിയകൂറും അവഗണിക്കപ്പെടുകയാണുണ്ടായത്. സംസ്കൃതത്തെസ്സംബന്ധിച്ചേടത്തോളം സായ്പിന്നുണ്ടായിരുന്ന വിശാലവീക്ഷണവും ഔദാര്യവും ഇന്ത്യക്കാർക്ക് ഇനിയും ഉണ്ടായിക്കഴിഞ്ഞിട്ടില്ല. ഇംഗ്ലീഷ് സ്കൂളുകളിൽ പഠിക്കുന്നത് ദുർഭരമാക്കിത്തീർത്തിരുന്ന നമ്മുടെ ദാരിദ്ര്യമാകട്ടെ രണ്ടാം ലോകമഹായുദ്ധത്തോടുകൂടി, ഒരളവുവരെ നീങ്ങുകയും ചെയ്തിരിക്കുന്നു. നാമിന്നു പണത്തിന്റെയും അധികാരത്തിന്റെയും പദവിയുടേയും പിറകെ അന്ധമായി പരക്കംപാഞ്ഞുപോവുകയാണ്. ഏററവുമധികം പണം ഏററവും വേഗത്തിലുണ്ടാക്കുകയാണിന്ന് എല്ലാവരുടേയും ലക്ഷ്യം. അതിന്നുണ്ടോ സംസ്കൃതം ഉതകുന്നു? പണം ഉണ്ടാവണമെങ്കിൽ ഡോക്ടറോ എൻജിനീയറോ ആവണം; അല്ലെങ്കിൽ ഐ. എ. എസ്സോ ഐ.എഫ്. എസ്സോ ആവണം. ഇതിന്നൊന്നും സംസ്കൃതംകൊണ്ട് കാര്യമില്ല. അതിനാൽ സംസ്കൃത സ്കൂളുകൾ ഇല്ലാതായി; സംസ്കൃതകോളേജുകൾ പൂട്ടപ്പെട്ടു; പ്രലോഭനങ്ങൾ കാണിച്ചാലും സംസ്കൃതം പഠിക്കാൻ ആളെ കിട്ടാതായി.

സംസ്കൃതത്തെസംബന്ധിച്ചിടത്തോളം ഒരുതരം 'ഇരട്ടച്ചിന്ത' നമ്മുടെ ഇടയിൽ പണ്ടു മുതല്ക്കേ നിലവിലുണ്ടായിരുന്നു. ഒരുദാഹരണം പറയാം: തിരുവിതാംകൂറിലേയും കൊച്ചിയിലേയും രാജാക്കന്മാർ സംസ്കൃതപ്രണയികളായിരുന്നു എന്നാണ് വെപ്പ്. സ്വന്തം തലസ്ഥാനങ്ങളിൽ ഇവർ ഓരോ സംസ്കൃതകോളേജുകൾ നിർമ്മിക്കുകയും ചെയ്തിരുന്നു. എന്നാലും "മഹാരാജാസ് കോളേജ്" എന്ന അഭിധാനം അവർ നൽകിയത്, അടുത്തുള്ള ഇംഗ്ലീഷ് കോളേജുകൾക്കു മാത്രമാണ്. ഇംഗ്ലീഷ് കോളേജുകളിൽ ആയിരവും രണ്ടായിരവും രൂപ ശമ്പളംവാങ്ങുന്ന പ്രിൻസിപ്പാളും പ്രഫസർമാരും, ലക്ചറർമാരുമുണ്ട്; ലൈബ്രറിയുണ്ട്; ലാബറട്ടറിയുണ്ട്; ഒന്നാംതരം ഹോസ്റ്റലുകളുണ്ട്; എല്ലാമുണ്ട്. അടുത്തുള്ള സംസ്കൃതകോളേജിലോ? തൃപ്പൂണിത്തുറ സംസ്കൃതകോളേജിലെ മഹാപണ്ഡിതന്മാരായ പ്രഫസർമാർക്ക് അറുപതു രൂപയായിരുന്നു മുപ്പതു കൊല്ലത്തെ സർവ്വീസ്സിന്നുശേഷം ശമ്പളം! സംസ്കൃതകോളേജുകളിലെ കുട്ടികൾ താമസിക്കുന്നത് തൊഴുത്തുപോലുള്ള മുറികളിലാണ്. മാസത്തിൽ നാലു മുതൽ പത്തുവരെ രൂപ കൊണ്ട് അവർ കഴിഞ്ഞുകൂടുമായിരുന്നു! നമ്മുടെ മഹാരാജാക്കന്മാരുടെ സംസ്കൃതാഭിമാനം എത്രമാത്രം തൊലിപ്പുറമെയുള്ളതായിരുന്നു എന്നതിന്നു ഇതിലധികം തെളിവു വേണ്ടതില്ല. ഇന്ത്യയിലെ മററു നാട്ടുരാജ്യങ്ങളിലും സ്ഥിതി ഏറെക്കുറെ ഇതുതന്നെയായിരുന്നു. ഈ "ഇരട്ടച്ചിന്ത" ഇന്നും നമ്മെ വിട്ടുമാറിയിട്ടില്ല. സംസ്കൃതം പഠിക്കാൻവേണ്ടി തങ്ങളുടെ കുട്ടികളെ അയയ്ക്കാൻ, മറെറാരു നിവൃത്തിയുമില്ലെങ്കിലേ ബഹുഭൂരിപക്ഷം ആളുകളും ഇന്ന് തെയ്യാറാവുകയുള്ളൂ.

ഇന്നത്തെ നിലയിൽ സംസ്കൃത വിദ്യാഭ്യാസം പുനരുജ്ജീവിപ്പിക്കുവാനുള്ള ഏകമാർഗ്ഗം പൊതുവിദ്യാഭ്യാസ പദ്ധതിയുമായി അതിനെ കൂട്ടിയിണക്കുകയാകുന്നു. അങ്ങിനെയാവുമ്പോൾ, മററു വിഷയങ്ങളെ അപേക്ഷിച്ച് താരതമ്യേന അപ്രധാനമായ ഒരു സ്ഥാനമേ അതിന്നുണ്ടായിരിക്കുകയുള്ളൂ എന്നത് ശരിയാണ്. എന്നാൽ, ഒരു സ്ഥാനവുമില്ലാതിരിക്കുന്നതിനേക്കാൾ ഭേദമാണല്ലോ ഇത്.

പൊതുവിദ്യാഭ്യാസപദ്ധതിയുമായി സംസ്കൃതത്തെ കൂട്ടിയിണക്കുന്നത് രണ്ടു തലത്തിലാവാം ഒന്ന്, സാധാരണ വിദ്യാലയങ്ങളിൽ സംസ്കൃതംകൂടി പഠിപ്പിക്കാനേർപ്പാടു ചെയ്യുക; രണ്ട്, സംസ്കൃതത്തിന്ന് പ്രത്യേക വിദ്യാലയങ്ങളുണ്ടാക്കുക. സെക്കണ്ടറിതലത്തിലും സർവ്വകലാശാലാതലത്തിലും ഈ വൈവിധ്യം ഇന്നുതന്നെ നിലവിലുണ്ട്. ഇതിന്നു കൂടുതൽ പ്രചാരവും വ്യാപ്തിയും നല്കുകയാണ് ഇനിയങ്ങോട്ടു ചെയ്യാനുള്ളത്.

സാധാരണ ഹൈസ്കൂളുകളിലും അപ്പർ പ്രൈമറി സ്കൂളുകളിലും മാതൃഭാഷയുടെ ഒരുഭാഗമെന്നനിലയിൽ, അതുമായിയോജിപ്പിച്ച്, സംസ്കൃതം പഠിപ്പിക്കാൻ ഇപ്പോൾതന്നെ സിലബസ്സിൽ വ്യവസ്ഥയുണ്ട്. ഇങ്ങിനെ സംസ്കൃതം പഠിക്കുന്നതുകൊണ്ട് വിദ്യാർത്ഥിക്ക് മാതൃഭാഷയിലും ഹിന്ദിയിലും (അതൊരു നിർബ്ബന്ധവിഷയമാണല്ലോ) കൂടുതൽ നല്ല അടിസ്ഥാന വിജ്ഞാനം ലഭിക്കുന്നു. എന്നാൽ, എട്ടിലെ പത്തുപല്യതിനാകയില്ല; സിലബസ്സിൽ വ്യവസ്ഥയുള്ളതുകൊണ്ടു മാത്രം സ്കൂളുകളിൽ സംസ്കൃത പഠനത്തിന്ന് ഏർപ്പാടുണ്ടാവുന്നില്ല. സംസ്കൃതാദ്ധ്യാപനം ഏർപ്പെടുത്തിയാൽ വളരെ കൊല്ലത്തേയ്ക്ക് അദ്ധ്യാപകർ "പാർട്ട്ടൈം" ആയി ജോലിചെയ്യേണ്ടിവരും. എപ്പോഴെങ്കിലും "ഫുൾടൈം" ആവും എന്ന്, ഉന്നതതല നിലയിൽ പ്രതീക്ഷിക്കാനും നിവൃത്തിയില്ല. പാർട്ട്ടൈം ജോലിചെയ്തു പട്ടിണി കിടക്കുന്നത് ആർക്കും സുഖകരമല്ല. ഇവിടെ സർക്കാർ അല്പം ഔദാര്യം കാണിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ വിദ്യാഭ്യാസ വ്യവസ്ഥിതിയിൽനിന്ന് ഏറെക്കുറെ വേരുപറിഞ്ഞുപോയ സംസ്കൃതത്തിന്ന് അതിൽ പുനഃപ്രതിഷ്ഠ കിട്ടുംവരെ, ചുരുങ്ങിയത് വരുന്ന പത്തു വർഷത്തേയ്ക്കെങ്കിലും, സംസ്കൃതാദ്ധ്യാപകരെ "ഫുൾടൈം"കാരായി ഗണിക്കുന്നതിന്ന് അവരുടെ ക്ലാസ്സ്മണിക്കൂറുകൾ പ്രതിബന്ധമാവരുത്. മാത്രമല്ല, എല്ലാ സർക്കാർ ഹൈസ്കൂളുകളിലും, ചുരുങ്ങിയത് ഇരുപത്തഞ്ച് രക്ഷിതാക്കൾ ആവശ്യപ്പെട്ടാൽ എല്ലാ പ്രൈവററ് ഹൈസ്കൂളുകളിലും, സംസ്കൃതാദ്ധ്യാപകരുടെ പോസ്റ്റ് അനുവദിക്കുകയും, അദ്ധ്യാപകർക്ക് ഫുൾടൈംകാരുടെ ശമ്പളം നൽകുകയുംവേണം.

സംസ്കൃതം ഒരു മുഖ്യവിഷയമായി പഠിപ്പിക്കുന്ന ഹൈസ്കൂളുകൾ ചിലത് ഇപ്പോൾത്തന്നെ ഇല്ലായ്കയില്ല. എന്നാൽ ഇവയുടെ നടത്തിപ്പിൽ ഹെഡ്മാസ്റ്റർമാർക്കോ ഡിപ്പാർട്ടുമെന്റു മേധാവികൾക്കോ പൊതുവേ താല്പര്യം കാണുന്നില്ല. അതിനാൽ ഇവ ക്രമത്തിൽ സാധാരണ ഹൈസ്കൂളുകളോ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളുകളോ ആയി മാറിവരികയാണ്. ഈ പ്രവണത നേരെ എതിർവശത്തേയ്ക്കാവണം. കൂടുതൽ സംസ്കൃത ഹൈസ്കൂളുകൾ തുറക്കണം. ഓരോ വിദ്യാഭ്യാസ ജില്ലയിലും ചുരുങ്ങിയത് ഓരോന്നുവീതമെങ്കിലും. ഇവയിൽ പഠിക്കാൻ കൂടുതൽ കുട്ടികൾ മുന്നോട്ടു വരണം. ഇതിന്നായി രക്ഷിതാ